കൊടുക്കണം. എം.എൽ.എ.-മാർക്ക് പങ്കെടുക്കാൻ പറ്റാത്ത വിധത്തിൽ അവർ പങ്കെടുക്കേണ്ട യോഗങ്ങൾ നിശ്ചയിച്ചാൽ അത് നടത്താതിരിക്കാൻ വേണ്ട സംവിധാനമുണ്ടാക്കണം എന്നാണ് എന്റെ അഭ്യർത്ഥന.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇത് പൂർണ്ണമായും ഉൾക്കൊള്ളാം, ഇതനുസരിച്ച് നിർദ്ദേശവും കൊടുക്കാം. പക്ഷേ എം.എൽ.എ.-മാർ തന്നെ പറയുന്ന പല മീറ്റിംഗുകളും അസംബ്ലി കോംപ്ലക്സിൽ വച്ച് കൂടേണ്ടി വരും. അതിൽ തടസ്സമില്ലല്ലോ?

മി. സ്പീക്കർ: ചെയറിനെ സംബന്ധിച്ചിടത്തോളം മെമ്പർമാർക്ക് പരാതി ഇല്ലാത്തവിധത്തിൽ എന്ത് ചെയ്യുന്നതിനും ചെയറിന് വിരോധമില്ല.

VII റിപ്പോർട്ട് സമർപ്പണം

(1) 2005-ലെ കേരള ലോട്ടറികളിന്മേലുള്ള നികുതി ബിൽ

(2) 2005-ലെ കേരള ചൂതാട്ട (ഭേദഗതി) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, 2005-ലെ കേരള ലോട്ടറികളിന്മേലുള്ള നികുതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും 2005-ലെ കേരള ചൂതാട്ട (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും ഞാൻ സമർപ്പിക്കുന്നു.

(3) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട്

ശ്രീ. ടി. എൻ. പ്രതാപൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 33-ാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

VIII (a) ക്രമപ്രശ്നം

ബില്ലിന്റെ കോപ്പി ലഭിക്കാത്തതു സംബന്ധിച്ച്

ശ്രീ. ടി. എം. ജേക്കബ്: ബില്ലുകളെ സംബന്ധിച്ച് ഒരു കീഴ്വഴക്കം സഭയിൽ ഉണ്ടല്ലോ. ആ കീഴ്വഴക്കം എന്നുപറയുന്നത് റിപ്പോർട്ട് സമർപ്പിച്ച് കഴിഞ്ഞാൽ അതിന്റെ കോപ്പി അംഗങ്ങൾക്ക് കൊടുക്കുക എന്നതാണ്. ഞാൻ

10.30 A. M.] മനസ്സിലാക്കിയിടത്തോളം ഈ രണ്ട് നിയമങ്ങളുടേയും കോപ്പി ഇതുവരേയും റെഡിയായിട്ടില്ല, കാരണം ഇന്നലെ രാത്രി വൈകി 8.30 മണിക്കാണ് കമ്മിറ്റി തീർന്നത് എന്നതാണ്. ബില്ലിന്റെ കോപ്പികൾ അംഗങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly